ഭരണഭാഷ-മാതൃഭാഷ

നമ്പർ :ഐസിഡിഎസ് ബി1/15052/21

വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508
ഇ-മെയിൽ :directorate.wcd@kerala.gov.in
തിയതി : 19.11.2021

വനിത ശിശുവികസന ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

വിഷയം : വ.ശി.വി.വ – സംയോജിത ശിശു വികസന പദ്ധതി - വിഭിന്ന ശേഷി കുട്ടികൾക്കായി സ്പെഷ്യൽ അങ്കണവാടി പദ്ധതി - തുടർ നടപടികൾ സ്വീകരിക്കുന്നത് -സംബന്ധിച്ച് .

സൂചന 1: സ.ഉ.(സാധാ) നം.335/2021/സാനീവ. തീയതി : 21/5/21.

2: ഈ കാര്യാലയത്തിലെ 12.10.2021, 08.11.2021 തിയ്യതികളിലെ ഇതേ നമ്പർ ഉത്തരവ്വം

3: ഈ കാര്യാലയത്തിലെ 26.10.2021 ലെ ഇതേ നമ്പർ ഓർമ്മക്കുറിപ്പ്

വിഭിന്നശേഷി കുട്ടികൾക്കായി സംസ്ഥാനത്തിലെ വിവിധ പ്രോജക്ടുകളിൽ നിന്നും 142 അങ്കണവാടികളെ തെരെഞ്ഞെടുത്ത് barrier free accessibility സൗകര്യം ഒരുക്കുന്നതിനും വിഭിന്നശേഷി സൗഹൃദമാക്കുന്ന സ്പെഷ്യൽ അങ്കണവാടി പദ്ധതിക്ക് സൂചന(1) പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുള്ളതും സൂചന (2),(3) പ്രകാരം 80 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകിയിട്ടുള്ളതാണ് .

സ്പെഷ്യൽ അങ്കണവാടി പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിന് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു .

1. പല ജില്ലകളിൽ നിന്നും സ്പെഷ്യൽ അങ്കണവാടി പദ്ധതിക്കായി അനുമതി നൽകിയിട്ടുള്ള അങ്കണവാടികളെ ഒഴിവാക്കുന്നതിനും , മാറ്റി നൽകുന്നതിനും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

**ജില്ലകളിൽ പ്രോജക്ടുകളിലായി അനുവദിച്ച സ്പെഷ്യൽ അങ്കണവാടികളുടെ എണ്ണത്തിൽ മാറ്റി നൽകുന്നതല്ല എന്ന് അറിയിക്കുന്നു.** ഇത്തരത്തിലുള്ള അങ്കണവാടികളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ഒന്നുകൂടി പരിശോധിക്കുന്നതിനും അല്ലാത്ത പക്ഷം ഫണ്ട് അനുവദിച്ചിട്ടുള്ള പ്രോജക്ടുകളിൽ നിന്നും ടി .അങ്കണവാടികൾക്ക് പകരമായി എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്ന അങ്കണവാടികളെ അതത് പഞ്ചായത്തുകളിൽ നിന്നോ മറ്റ് പഞ്ചായത്തുകളിൽ നിന്നോ സ്പെഷ്യൽ അങ്കണവാടി പദ്ധതിക്കായി 25.11.2021 നകം പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ് .ഇത്തരത്തിൽ മാറ്റം വരുത്തുന്നതിനായി 25.11.2021 ന് ശേഷം ലഭ്യമാകുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല .

2. നവീകരണാനുമതി നൽകിയിട്ടുള്ള അങ്കണവാടികളുടെ നവീകരണ പ്രവർത്തികൾക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പെർഫോർമയിൽ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
3. സൂചന (3) പ്രകാരം സ്പെഷ്യൽ അങ്കണവാടി പദ്ധതിക്കായുള്ള നിശ്ചിത എണ്ണം (കുറഞ്ഞത് 10 പ്രൊപ്പോസൽ വീതം) പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ള ജില്ലകളിൽ അടിയന്തിരമായി പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു .സ്പെഷ്യൽ അങ്കണവാടി പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള ഫണ്ട് 2021 -2022 സാമ്പത്തിക വർഷം(2022 മാർച്ച് 31 നകം ) തന്നെ ചെലവഴിക്കേണ്ടതിനാൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിലെ കാലതാമസം കാരണം ഫണ്ട് ചെലവഴിക്കാതിരിക്കുന്നത് ഗൗരവമായി കാണുന്നതാണ്.
4. നാളിതുവരെ നവീകരണാനുമതി നൽകിയിട്ടുള്ള അങ്കണവാടികളുടെ നവീകരണ പ്രവർത്തികൾ 2022 ജനുവരി 31 നകം പൂർത്തീകരിക്കേണ്ടതാണ്.
5. സ്പെഷ്യൽ അങ്കണവാടി പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച് സൂചന (2 )ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി**

## പെർഫോമ

| സ്പെഷ്യൽ അങ്കണവാടി പദ്ധതി പ്രവർത്തന പുരോഗതി റിപ്പോർട്ട് | | | | |
|---|---|---|---|---|
| ജില്ല : | | | | |
| ക്രമ നം | പ്രോജക്ടിന്റെ പേര് | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് | സെന്റർ നം | നിലവിലെ അവസ്ഥ |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

പ്രോഗ്രാം ഓഫീസർ